# ശിശുവിൻെറ ജന്മാവകാശം

ഡോ. കെ. ഭാസ്കരൻ നായർ

ഓരോ ജന്തുവിൻെറയും സന്താനം ഓരോ ദശയിലാണ് ജനിക്കുന്നതു്. പശുവിൻെറയും ആടിൻെറയും കുഞ്ഞുങ്ങൾ പിറന്നു വീണാൽ അടുത്ത മാത്രയിൽതന്നെ എഴുന്നേററു ഓടിനടക്കുന്നു. പക്ഷേ പട്ടിയുടെയും പൂച്ചയുടേയും കുട്ടികൾ കണ്ണുതുറക്കുവാൻ തന്നെ കുറെ നാൾ എടുക്കും. എന്നാലും, അവയും വളരെ വേഗം തൻകാര്യം നോക്കുവാൻ ശക്തിനേടുന്നു. ഇവയോടൊക്കെ താരതമ്യപ്പെടുത്തുമ്പോൾ മനുഷ്യശിശുവിൻെറ അവസ്ഥയാണ് എററവും നിസ്സഹായമായിരിക്കുന്നതു്. അമ്മയുടെ വയററിൽ ഒൻപതുമാസം വളർന്നതിനുശേഷമാണ് ജനിക്കുന്നതെങ്കിലും കരയുവാനും കൈകാലുകൾ ഇളക്കുവാനുമല്ലാതെ മററൊന്നിനും അതിന്നു് കഴിവില്ല. ആറേഴ വർഷക്കാലം അച്ഛനമ്മമാരുടെയും മുതിർന്നവരുടെയും നിരന്തരമായ ശുശ്രൂഷയുംപരിചരണവും സഹായവും മനുഷ്യശിശുവിനു് അത്യന്താപേക്ഷിതമാണ്.

ഈ ആശ്രിതഭാവം മൂലമായിരിക്കാം, കുഞ്ഞുങ്ങളുടെ അവശതകളെയും ആവശ്യങ്ങളേയും കുറിച്ചല്ലാതെഅവകാശങ്ങളെക്കുറിച്ചു ആരും പറയാറില്ല. കിട്ടുന്നതുകൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളണം; കൊടുക്കുന്നതു സ്വീകരിക്കണം; എന്നല്ലാതെ കൂടുതലൊന്നും ചോദിക്കരുതു്. അഥവാ ചോദിക്കുകയോ അതിനു പ്രായമായില്ലെങ്കിൽ നിലവിളിക്കുകയോ, ശാഠ്യം പിടിക്കുകയോ ചെയ്താൽ കൊടുക്കണമെന്നു് ബാദ്ധ്യതയൊന്നുമില്ല.



Digitized by Kerala Sahitya Akademi

യു. എസ്. നാഷനൽ ബയിൻസ് ഫൗണ്ടേഷന്റെ ഏകദേശം ഇരുനൂറു പേജുള്ള കെമിക്കൽസ് ആൻഡ് ഹെൽത്ത് എന്ന ഒരു പഠന റിപ്പോർട്ടിൽ 1967ൽ യുനൈറ്റഡ് സ്റ്റേറ്റ്സിലുണ്ടായിട്ടുള്ള മരണങ്ങളിൽ ഏറിയ കൂറും ശുഷ്കഭക്ഷണം, പുകവലി, മദ്യപാനം, ഗർഭംഅലസിപ്പിക്കൽ ഇങ്ങനെ സ്വയംകൃതാനർത്ഥങ്ങളായ കാരണങ്ങളാലാണെന്നു് വ്യക്തമാക്കിയിരിക്കുന്നു.

സ്നേഹ വാത്സല്യങ്ങളുടെ പ്രസക്തിയും പ്രേരണയുമല്ലാതെ ഇതിലൊരും അവകാശത്തിന്റെ പ്രശ്നമേയില്ല. ഇതാണു് ചരിത്രാതീതകാലംമുതൽക്കു്എല്ലാ രാജ്യങ്ങളിലും, എല്ലാ സംസ്കാരങ്ങളിലും, ശിശുക്കളുടെ നേക്കു് മനുഷ്യൻ പുലർത്തിപ്പോരുന്ന മനോഭാവം.

സത്യമാലോചിച്ചാൽ മുതിർന്ന മനുഷ്യരുടെ ജീവിതാവകാശങ്ങൾപോലും അംഗീകരിക്കുവാൻ തുടങ്ങിയതു് ആധുനിക കാലത്തു മാത്രമാണു്. അതുതന്നെയും ലോകമാകെ എതിർവാദങ്ങളോ മുടക്കുവിദ്യകളോ ഇല്ലാതെ അംഗീകരിച്ചു കഴിഞ്ഞു എന്നു പറഞ്ഞുകൂട. "സാർവ്വത്രികമായ മനുഷ്യാവകാശങ്ങളു"ടെ പേരിൽ, ഇന്നും ലോകത്തിന്റെ ചില ചില ഭാഗങ്ങളിൽ തർക്കങ്ങളും സമരങ്ങളും നടക്കുന്നുണ്ടു്. അവയ്ക്കു് നിയമപരമായ സാധുത നൽകുന്നതിനുവേണ്ടി സർവ്വരാജ്യ സമ്മേളനങ്ങളും സംഘടിപ്പിക്കാറുണ്ടു്. തൊലിയുടെ നിറവും, മതവും, വിശ്വാസ പ്രമാണങ്ങളും, ജനിച്ച രാജ്യവും, നോക്കി മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നതിനെതിരേക്കുള്ള പ്രതിഷേധമാണിതു്. നൂറുകൊല്ലംമുമ്പുവരെ ലോകത്തിന്റെ ചില ഭാഗങ്ങളിൽ മനുഷ്യരെ ചങ്ങലയിട്ടു് അടിമകളായി, കന്നുകാലികളെപ്പോലെ, വില്ക്കു വിററിരുന്നു. നമ്മുടെ മാതൃഭൂമിയായ ഇന്ത്യയിൽ,

"തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ"

എന്നുപറഞ്ഞു്, ജാതിയുടെ പേരിൽ, വലിയ ജന വിഭാഗങ്ങളെ അകററി നിർത്തി ദ്രോഹിച്ചിരുന്നു. ഈ പ്രാചീന സമ്പ്രദായം ഇന്നു് നിയമത്തിന്റെദൃഷ്ടിയിൽ കുററകരമാണെങ്കിലും, അതു വളർത്തിയ മനോഭാവം പൂർണ്ണമായി മാറിയിട്ടുണ്ടെന്നു് പറയുവാൻ സാദ്ധ്യമല്ല. സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനും, മനുഷ്യജന്മത്തിന്റെ സുഖങ്ങൾ മററുള്ളവരെപ്പോലെ അനുഭവിക്കുവാനും, എല്ലാവക്കും അവകാശമുണ്ടു് എന്ന വസ്തുത അംഗീകരിക്കാത്തതുമൂലമുണ്ടാകുന്ന ദോഷങ്ങളാണിവ.

മുതിന്നവക്കുമാത്രമല്ല, കൊച്ചുകുഞ്ഞുങ്ങൾക്കുപോലും ഇങ്ങനെ ചില അനിഷേധ്യമായ ജന്മാവ



Digitized by Kerala Sahitya Akademi

## പ്രതിരോധകുത്തിവയ്പുകൾക്കുള്ള സമയവിവര പട്ടിക

| കാലം. | | |
|---|---|---|
| ആദ്യ ആഴ്ച | – | ബി. സി. ജി.<br>സ്മാൾപോക്സ് വാക്സിനേഷൻ |
| നാലുമാസം | – | ഡി. പി. ടി. I ഡോസ്<br>പോളിയോ I ഡോസ് |
| ആറുമാസം | – | ഡി. പി. ടി. II ഡോസ്<br>പോളിയോ II ഡോസ് |
| എട്ടുമാസം | – | പോളിയോ III ഡോസ് |
| 20 മാസം | – | ബൂസ്റ്റർ പോളിയോ |
| 2 വയസ്സ് | – | ബൂസ്റ്റർ ഡി. പി. ടി. |
| 3 വയസ്സ് | – | ടി. എ. ബി. |
| 5 വയസ്സ് | – | ബൂസ്റ്റേഴ്സ് ഡി. പി. ടി.<br>ബി. സി. ജി. പോളിയോ |
| 6 വയസ്സ് | – | സ്മാൾപോക്സ്‌വാക്സിനേഷൻ |
| 10 വയസ്സ് | – | ഡിഫ്തീരിസ് & പെർട്ടസസ് ടോക്സോയിഡ് |

ഓരോ മൂന്നു വർഷം കൂടുമ്പോഴും സ്മാൾപോക്സ്‌വാക്സിനേഷൻ ചെയ്യുക. ഓരോ വർഷവും ടി. എ. ബി. യും.

കാശങ്ങളുണ്ട് എന്ന അഭിപ്രായം ലോകമാകെ ബലപ്പെട്ടുവരുകയാണ്. ഈ വസ്തുതയെപ്പററി വേണ്ടത്ര ബോധമില്ലാത്തതുകൊണ്ടുകൂടിയാണ് ഭൂമിയിൽ ഇന്ന് ഇത്രവലിയ ജനപ്പെരുപ്പം ഉണ്ടായിരിക്കുന്നത്. "വായ് കൽപിച്ച ദൈവം ഇരയും കല്പിച്ചിട്ടുണ്ട്" എന്ന മൂഢവും ക്രൂരവുമായ സങ്കല്പത്തിൽ സന്താനങ്ങളെ പെററുതള്ളുന്ന ജനങ്ങൾ പാപികളാണ്. മനുഷ്യ ശിശുക്കളുടെ നിസ്സഹായാവസ്ഥയേയും ജീവസന്ധാരണത്തിന്റെ മഹാ സങ്കടങ്ങളേയും പരിഗണിക്കാതെയുള്ള സന്താനോൽപാദനം ഒരു തരത്തിലും ക്ഷന്തവ്യമല്ല. മുൻകാലങ്ങളിൽ, ലോകം വലുതും മനുഷ്യർ വിരളവുമായിരുന്ന സാഹചര്യത്തിൽ, എങ്ങനെയെങ്കിലും എവിടെപ്പോയെങ്കിലും ജീവിച്ചുകൊള്ളും എന്നു കരുതുന്നതിൽ അല്പമെങ്കിലും സാധുതയുണ്ടായിരുന്നു. പക്ഷേ ആക്കാലങ്ങളെല്ലാം മറഞ്ഞുകഴിഞ്ഞു. ഈ ലോകം എത്രയോ ചെറുതായിരിക്കുന്നു. (വല്യപ്പച്ചെ



Digitized by Kerala Sahitya Akademi

രൂപ്പങ്ങൾ വെറും പ്രതീതികളാണെന്ന പരമാത്ഥം സ്മരിക്കുക. "ചിരട്ടയിൽ വെള്ളം ഉറുമ്പിനു സമുദ്രം"! 8000 മൈൽ മാത്രം വ്യാസമുള്ള ഈ ആകാശ ഗോളത്തെ പ്രദക്ഷിണം ചെയ്യുന്നതിനു് ആധുനിക മനുഷ്യനു് അരദിവസംപോലും വേണ്ട!) അതുതന്നെയും മനുഷ്യ സന്തതിയെക്കൊണ്ടു് നിറഞ്ഞു കവിയുകയാണു്. ഓരോ വർഷവും 700 ലക്ഷം ജനങ്ങളാണു് ഈ ചെറിയ ഭുവന ഗോളത്തിൽ അധികമായി ജീവിക്കേണ്ടിയിരിക്കുന്നതു്. കായ് കനികൾ ഭുജിച്ചോ, കാട്ടുജന്തുക്കളെ വേട്ടയാടിയോ, മറുനാട്ടുകളിലേക്കു് കുടിയേററം നടത്തിയോ, ഭിക്ഷയെടുത്തോ,ജീവിക്കാമെന്ന പ്രത്യാശയ്ക്കു് സ്ഥാനമില്ലാതായിരിക്കുന്നു. പ്രാണങ്ങളെ നിലനിത്തുവാനുള്ള പ്രാഥമിക സൗകര്യങ്ങൾപോലും എല്ലാ രാജ്യങ്ങളിലും അതിശീഘ്രം ഇല്ലാതാവുകയാണു്.

അടിക്കടി, അനുനിമിഷം, മുറുകി വരുന്ന ഈ ജീവിത സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണു് ഓരോ ശിശുവിന്റെയും മുന്നാള മൂല്യമായ അസ്തിത്വത്തെ നാംകാണേണ്ടതു്. അതിനു്തീച്ചയായും ചില ജന്മാവകാശങ്ങളുണ്ടു്. അവയെ ലഘുവായിക്കരുതി തള്ളിക്കളയാമെന്ന സങ്കല്പം മാറണം.

"ആജയാന്മകം കനിഞ്ഞുതൻ പ്രജയെപ്പോററു മുറുമ്പു പോലുമേ"

എന്ന ജന്തു സാധാരണമായ സന്താന വാത്സല്യത്തെ വിസ്മരിച്ചുകൊണ്ടുള്ള പ്രസ്താവനയല്ലിതു്. എത്രമേൽ "ആജയാന്നാലും" ഒരു സന്താനത്തെ സമർഹമായ രീതിയിൽ വളത്തിക്കൊണ്ടുവരുവാൻ സാദ്ധ്യമല്ലാതെ വന്നിരിക്കുന്ന ലോകസ്ഥിതിയോടുള്ള പരിദേവനമാണു്. ശരീരവും മനസ്സും ആത്മാവും മുരടിച്ചുപോകാതെ സ്വാഭാവികമായ വളർച്ചയെ പ്രാപിക്കുവാനുള്ള ഓരോ ശിശുവിന്റെയും ജന്മാവകാശത്തെ മാനിക്കുന്ന ഒരു പുതിയ സംസ്കാരമാണു് ഇന്നു് ലോകത്തിനു് അത്യാവശ്യമായിരിക്കുന്നതു്. അതു് അവനവന്റെ അന്തരംഗത്തിൽനിന്നുതന്നെ, വിവേകപരിപാകത്തിന്റെ ഫലമായി, ഉണ്ടാകേണ്ടിയിരിക്കുന്നു.

ഒരു സ്ത്രീ എന്തെങ്കിലും ആലോചിക്കുന്നെങ്കിൽ ആദ്യം ആലോചിക്കുന്നതു പുതിയ വസ്ത്രങ്ങളെക്കുറിച്ചാവും.

തന്റെ ചോരയിൽ പിറന്ന പൊന്നോമനക്കുഞ്ഞിനെ പുഴയിലൊഴുക്കിയ കുന്തീദേവിയെ കാവ്യനീതിയുടെ മുമ്പിൽനിത്തി ജീവപര്യന്തം പിഴചൊല്ലിക്കുന്നതിനല്ലെ വേദവ്യാസൻ മഹാഭാരതം രചിച്ചതെന്നു് ഞാൻ സംശ

(ശേഷം 23–ാം പേജിൽ)



Digitized by Kerala Sahitya Akademi

(20 ാം പേജിൻെറ തുടർച്ച)

യിച്ചിട്ടുണ്ട്. ദൈവഗത്യാരക്ഷപ്പെട്ട് പുരുഷകേസരിയായി വളന്ന ആ കർണ്ണനെക്കൊണ്ട്, പൊറമ്മയോട്ട് മുഖത്തോട്ടമുഖം, പകരം ചോദിപ്പിക്കുവാനും മഹർഷിവര്യനായ പുരാണകവി മടിച്ചിട്ടില്ല. ശിശുവിൻെറ ജന്മാവകാശത്തിനു് ഇതിനെക്കാൾ ശ്രേഷ്ഠമായ ഒരു സ്മാരകം സങ്കൽപിക്കുവാൻ സാദ്ധ്യമല്ല. ആ വേദവ്യാസൻെറ ഈ പുണ്യഭൂമിയിൽ ഓരോ വർഷവും ജനിക്കുന്ന രണ്ടരക്കോടി (250 ലക്ഷം) മനുഷ്യശിശുക്കളിൽ ഭൂരിപക്ഷത്തിനും തങ്ങളുടെ ജന്മാവകാശങ്ങൾ ഇന്നു് നിഷേധിക്കപ്പെട്ടുകയാണു്. മാതാപിതാക്കൾ തന്നെയാണു് ഇതിൻെറ പഴിയേൽക്കേണ്ടതു്. അവർ അനുഭവിച്ചു തുടങ്ങിയിരിക്കുന്ന മഹാദുരിതത്തിൻെറ രഹസ്യവും ഇതാകുന്നു. ധാർമ്മികമോ, സാഹിത്യപരമോ ആയ അർത്ഥത്തിൽ വേണമെന്നില്ല. അർത്ഥശാസ്ത്രത്തിൻെറയും ദൈനംദിനാനുഭവങ്ങളുടെയും ദൃഷ്ടിയിലും ഇതു് സത്യമാണു്. ഇന്ത്യാ രാജ്യത്തെ വീർപ്പുമുട്ടിക്കുന്ന ഈ ജനപ്പെരുപ്പം ശിശുക്കളുടെ ജന്മാവകാശത്തെ മാനിക്കാത്ത പ്രത്യുൽപാദനകർമ്മത്തിൻെറ പ്രത്യക്ഷ ഫലമല്ലാതെ മറെറന്താണു്?

---

ജീവിതാനന്ദത്തിനു്

ഹൃദയത്തിൽ നിന്നു പരനിന്ദ ഒഴിവാക്കുക.
വ്യാകുലതകളിൽനിന്നു വിമുക്തി നേടുക.
ലളിതജീവിതം നയിക്കുക.
വളരെക്കുറച്ചു മാത്രം പ്രതീക്ഷിക്കുക.
ഏറെക്കൊടുക്കുക.
ജീവിതം സ്നേഹംകൊണ്ടു നിറക്കുക.
സ്വയം വിസ്മരിക്കുക.
അന്യരെക്കുറിച്ചോർമ്മിക്കുക.
അന്യർ നിങ്ങളോടു എങ്ങനെ പെരുമാറണമെന്നാണു ആഗ്രഹം.
അതേമട്ടിൽ നിങ്ങൾ അന്യരോടു പെരുമാറുക.
ഒരാഴ്ചക്കാലം ഇതൊന്നു പരീക്ഷിക്കു—ഫലപ്രാപ്തിയിൽ നിങ്ങൾ അത്ഭുതപ്പെടും.

(നോർമാൻ വിൻസൻ്റ്പീൽ)

---

ത്ത കുട്ടികളിൽ ഇതു സംഭവിക്കുമ്പോൾ ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുന്നഒരു ഗൗരവ പ്രശ്നമായി തീരുന്നു.

ഈ 16 ശതമാനം-വികസിത രാജ്യങ്ങളിൽ 10 ശതമാനത്തിനകമെ വരികയുള്ളു—നാലു വയസ്സിനകമുള്ള കുട്ടികൾ, പോഷകാഹാര സംബന്ധമായും, സാമ്പത്തിക പരമായും നോക്കിയാൽ ഒരു പ്രതികൂല വയസ്സ് ഘടനയാണു്. പോഷണ സംബന്ധമായി ഏററവും ദുർബലവുംകൂടിയാണു്. ഈ വിഭാഗത്തിലെ ഉയന്ന മരണ നിരക്കുമൂലം സാമ്പത്തികമായി വൻപിച്ച നഷ്ടം രാഷ്ട്രത്തിനുണ്ടാകുന്നു. നാലു വയസ്സിനകമുള്ള കുട്ടികളുടെ ആനുപാതിക മരണനിരക്ക് ഇൻഡ്യ



Digitized by Kerala Sahitya Akademi